പീഡനവീരൻ ഫ്രാങ്കോയെ അറസ്റ്റ് ചെയ്യുക

സമരം ചെയ്യുന്ന കന്യാസ്ത്രീകൾക്ക് പിന്തുണ പ്രഖ്യാപിച്ച് ഉദയഗിരിയിൽ ഒരു വിഭാഗം വിശ്വാസികളുടെ പ്രകടനം

ബിഷപ്പ് ഫ്രാങ്കോയെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് സമരം ചെയ്യുന്ന കന്യാസ്ത്രീകൾക്ക് പിന്തുണ പ്രഖ്യാപിച്ച് ഉദയഗിരിയിൽ ഒരു വിഭാഗം വിശ്വാസികൾ പ്രകടനം നടത്തുന്നു.

ആലക്കോട്: കന്യാസ്ത്രീയെ പീഡിപ്പിച്ച ജലന്ധർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് കൊച്ചിയിൽ സമരം ചെയ്യുന്ന കന്യാസ്ത്രീകൾക്ക് പിന്തുണ പ്രഖ്യാപിച്ച് ഉദയഗിരിയിൽ ഒരു വിഭാഗം ക്രൈസ്തവ വിശ്വാസികൾ പ്രകടനം നടത്തി. ഇന്നലെ വൈകുന്നേരമാണ് 20ലധികം വിശ്വാസികൾ പങ്കെടുത്ത പ്രകടനം ഉദയഗിരി ടൗണിൽ നടന്നത്. പീഡനവീരൻ ഫ്രാങ്കോയെ അറസ്റ്റ് ചെയ്യുക എന്ന മുദ്രാവാക്യമുയർത്തിയുള്ള പ്ലക്കാർഡുകളുമായി എത്തി വിശ്വാസി സംരക്ഷണ സമിതി ആഭിമുഖ്യത്തിലായിരുന്നു പ്രകടനം. സി.ടി. ജോർജ്, ബേബിച്ചൻ ഇടമുള, മനോജ് ഇലവുങ്കൽ, വികാസ് നേതൃത്വം നൽകി. സഭാ നേതൃത്വത്തിനും സർക്കാരിനുമെതിരെ സമരം ചെയ്യുന്ന കന്യാസ്ത്രീകൾക്ക് പിന്തുണ പ്രഖ്യാപിച്ച് മലയോര മേഖലയിൽ ആദ്യമായാണ് വിശ്വാസികൾ പ്രകടനവുമായി രംഗത്തുവന്നത്.

അരങ്ങം ക്ഷേത്ര ട്രസ്റ്റി ബോർഡിനെ നിയമിച്ചു; മുരളീദാസ് ചെയർമാൻ

ആലക്കോട്: ഉത്തര മലബാറിലെ പ്രസിദ്ധമായ അരങ്ങം മഹാദേവ ക്ഷേത്രത്തിൽ ട്രസ്റ്റി ബോർഡിനെ നിയമിച്ച് മലബാർ ദേവസ്വം ബോർഡ് ഉത്തരവിട്ടു. സി.പി.എം പ്രതിനിധി എം.പി. മുരളിദാസ് ഉൾപ്പെടെ അഞ്ചംഗട്രസ്റ്റി ബോർഡിനെയാണ് നിയമിച്ചത്. റിട്ട. ഫോറസ്റ്റ് റേഞ്ചർ ആലക്കോട്ടെ എം.പി. പ്രഭാകരൻ, ചിത്രകാരൻ കപ്പണയിലെ പി.ആർ. എബിൻ, സി.പി.എം പ്രതിനിധികളായ ആലക്കോട്ടെ പി.ഡി. രാധാകൃഷ്ണൻ, ജി. മനോജ്കുമാർ എന്നിവരാണ് ബോർഡിലെ മറ്റ് അംഗങ്ങൾ. ബോർഡിന്റെ പ്രഥമ യോഗം ചേർന്ന് ചെയർമാനായി എം.പി. മുരളിദാസിനെ തിരഞ്ഞെടുത്തു. ദേവസ്വം ഇൻസ്പെക്ടർ ഉഷ, അരങ്ങം ക്ഷേത്രം എക്സിക്യുട്ടീവ് ഓഫീസർ അരവിന്ദാക്ഷൻ എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗമാണ് ചെയർമാനെ തിരഞ്ഞെടുത്തത്. പാരമ്പര്യേതര ട്രസ്റ്റി വിഭാഗത്തിൽ നിന്നാണ് എല്ലാവരുടെയും നിയമനം. രണ്ടര വർഷത്തോളം നീണ്ട വിവാദങ്ങൾക്കൊടുവിലാണ് ട്രസ്റ്റി ബോർഡ് നിയമനം നടന്നത്. മുൻ ട്രസ്റ്റി ബോർഡിന്റെ കാലാവധി 2016 ജൂലായ് 21ന് അവസാനിച്ചിരുന്നു. ഇതിനിടെ മുൻ ട്രസ്റ്റി ബോർഡിലുണ്ടായിരുന്ന കോൺഗ്രസിലെ എം.കെ. ജയചന്ദ്രൻ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി 18-4-2017ന് ട്രസ്റ്റി ബോർഡ് രൂപീകരിച്ച് മലബാർ ദേവസ്വം ബോർഡ് ഉത്തരവിട്ടു. ഇതിനെതിരെയും മുൻ ട്രസ്റ്റി ബോർഡിന്റെ കാലത്തെ അഴിമതികളും ചൂണ്ടിക്കാട്ടി സി.പി.എം നേതാവ് കെ.പി. സാബു സർക്കാർ മുമ്പാകെ പരാതി നൽകി. ഇതോടെ ട്രസ്റ്റി ബോർഡ് നിയമനം സർക്കാർ സ്റ്റേ ചെയ്തു. തുടർന്ന് എം.കെ. ജയചന്ദ്രനെ ട്രസ്റ്റി ബോർഡിൽ നിന്ന് ഒഴിവാക്കി വീണ്ടും അപേക്ഷ ക്ഷണിച്ചു. പിന്നീടാണ് എം.പി. മുരളിദാസിനെ ഉൾപ്പെടുത്തി ട്രസ്റ്റി ബോർഡ് പുനസംഘടിപ്പിച്ച് ഉത്തരവിട്ടത്. രണ്ട് വർഷത്തേക്കാണ് നിയമനം. അരങ്ങം ക്ഷേത്രം പുനരുദ്ധാരണ കമ്മിറ്റി സെക്രട്ടറിയായി പ്രവർത്തിച്ച് വരികയായിരുന്ന മുരളിദാസ് അരങ്ങം ഉത്സവം ജനകീയമാക്കിയതിലെ മുഖ്യ സംഘാടകനാണ്.

യുവാവിനെ പുഴയിൽ കാണാതായി

മാനന്തവാടി: യുവാവിനെ പുഴയിൽ കാണാതായി. പുൽപ്പള്ളി പെരിക്കല്ലൂർ പുഴക്കടവിൽ താഴപ്പുരയിൽ ജോർജിന്റെ മകൻ ജിഷിനെയാണ് (34) കാണാതായത്. ഇന്നലെ രാത്രിയാണ് സംഭവം.അഗ്നിശമനസേനയും നാട്ടുകാരും തിരച്ചിൽ നടത്തിവരികയാണ്.

ബിഷപ്പിന് നോട്ടീസ് അയക്കുന്നത് മുൻകൂർ ജാമ്യം എളുപ്പം ലഭിക്കാൻ വേണ്ടി

കണ്ണൂർ: കന്യാസ്ത്രീയെ ബലാൽസംഗം ചെയ്ത കേസിലെ പ്രതി ഫ്രാങ്കോ മുളക്കലിന് നോട്ടീസ് അയക്കുന്നതിന് പിന്നിൽ അദേഹത്തെ രക്ഷിക്കാനെന്ന ആരോപണം ശക്തം. ബലാൽസംഗകേസിലെ പ്രതിയെ സാധാരണ പോലീസ് അറസ്റ്റ് ചെയ്യാറാണ് പതിവ്. നാട്ടിൽ 10ഉം 15ഉം വർഷം മുൻപ് നടന്ന ബലാൽസംഗ കേസിൽപോലും പരാതി ലഭിച്ച ഉടനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 2016ൽ നടന്ന ബലാൽസംഗ കേസിൽ പരാതി നൽകി 75 ദിവസം കഴിഞ്ഞിട്ടും പ്രതിയെ അറസ്റ്റ് ചെയ്യുന്നതിൽ പോലീസ് തയ്യാറായിട്ടില്ല. തുടക്കം മുതൽ ഡി.ജി.പി ലോക്നാഥ് ബെഹ്റയും ഐ.ജി വിജയ്സാക്കറയും ബിഷപ്പിനെ രക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു. ഇപ്പോൾ പൊതു സമൂഹം ഒറ്റക്കെട്ടായി ബിഷപ്പിനെതിരെ രംഗത്ത് വരികയും കൊച്ചിയിലും തിരുവനന്തപുരത്തും കന്യാസ്ത്രീകളടക്കം പ്രത്യക്ഷ സമരത്തിന് ഇറങ്ങുകയും ചെയ്ത സാഹചര്യത്തിൽ മുഖം രക്ഷിക്കാൻ വേണ്ടി നോട്ടീസ് അയക്കുകയാണ്. അതേ സമയം ബിഷപ്പ് നോട്ടീസ് ലഭിച്ചാൽ കോടതിയെ സമീപിക്കും. മുൻകൂർ ജാമ്യഹരജി ഫയൽ ചെയ്ത് നിയമപരമായ പോരാട്ടത്തിലൂടെ അറസ്റ്റ് തടയാൻ ഈ നോട്ടീസ് സാഹചര്യം ഉണ്ടാക്കും. ഇതറിഞ്ഞ് കൊണ്ട് തന്നെയാണ് കേരളപോലീസ് ഇത്തരമൊരു കള്ളക്കളിക്ക് തയ്യാറായത്. നാട്ടിലെ ഏതൊരു പൗരനും ലഭിക്കുന്ന നിയമപരിരക്ഷ മാത്രമാണ് ബിഷപ്പിനും ഉള്ളതെന്നിരിക്കെ ഭയന്നാണ് ഓരോ കാര്യവും പോലീസ് ചെയ്യുന്നത്. കന്യാസ്ത്രീയെ ബലാൽസംഗം ചെയ്തതിന് എല്ലാ തെളിവുകളും ലഭിച്ചെന്നു ഓഗസ്ത് 12 നാണ് വൈക്കം ഡി.വൈ.എസ്.പി സുഭാഷ് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയത്. ഒരു മാസം പിന്നിട്ടപ്പോഴാണ് ചോദ്യം ചെയ്യാൻ നോട്ടീസ് നൽകുന്നത്. നാളെ ഈ ഹരജി വീണ്ടും ഹൈക്കോടതി പരിഗണിക്കുന്നുണ്ട്. കോടതിയിൽ നിന്ന് കനത്ത തിരിച്ചടി ലഭിക്കാതിരിക്കാനാണ് ഇപ്പോൾ ഒരു നോട്ടീസ് നൽകുന്നത്.

അതേ സമയം ബിഷപ്പിന്റെ അറസ്റ്റ് ഉടൻ വേണമെന്നാവശ്യപ്പെട്ട് കൂടുതൽ സംഘടനകൾ രംഗത്ത് വന്നു.

പയ്യന്നൂരിൽ വീണ്ടും മുത്തലാഖ് പരാതി; രാമന്തളി സ്വദേശിക്കെതിരെ ഭാര്യ കോടതിയിൽ

പയ്യന്നൂർ: മുത്തലാഖ് നിരോധിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവ് വന്നതിന് ശേഷം പയ്യന്നൂരിൽ മുത്തലാഖിലൂടെ വിവാഹബന്ധം വേർപെടുത്തിയെന്ന് വീണ്ടും പരാതി. തൃക്കരിപ്പൂർ ഉടുമ്പുന്തല കെ.എൻ. ഹൗസിലെ കെ.എൻ. റമീസയാണ് (20) ഭർത്താവ് രാമന്തളി പുതിയ പുഴക്കരയിലെ താഴത്തെപ്പുരയിൽ മുഹ്സിൻ മുഹമ്മദിനെതിരെ പയ്യന്നൂർ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ പരാതി നൽകിയത്. മുത്തലാഖ് നിരോധിച്ചുകൊണ്ട് സുപ്രീം കോടതി ഉത്തരവ് വന്നതിന് ശേഷം പയ്യന്നൂർ കോടതിയിൽ എത്തിയ രണ്ടാമത്തെ പരാതിയാണ് ഇത്.

2017 ജനുവരി 15നാണ് മുഹ്സിനും റമീസയും തമ്മിലുള്ള വിവാഹം നടന്നത്. വിവാഹശേഷം മലേഷ്യയിലേക്ക് പോയ മുഹ്സിൻ 2017 ഒക്ടോബറിൽ നാട്ടിൽ തിരിച്ചെത്തി. പിന്നീട് കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ട് ക്രൂരപീഡനമായിരുന്നുവെന്ന് പരാതിയിൽ പറയുന്നു. വയറ്റിൽ ചവിട്ടിയതിനെ തുടർന്ന് ഗർഭം അലസിപ്പോയത്രെ. ഇതുസംബന്ധിച്ച് നൽകിയ ഗാർഹിക പീഡന പരാതി നിലവിലുണ്ട്. അതിനിടയിലാണ് ഉടുമ്പുന്തല ജമാഅത്ത് കമ്മിറ്റിക്ക് മൂന്ന് തലാഖും ഒന്നിച്ച് ചൊല്ലിയതായുള്ള മുഹ്സിന്റെ അറിയിപ്പ് ലഭിച്ചത്. കമ്മിറ്റി ഈ വിവരം റമീസയെ അറിയിക്കുകയായിരുന്നു. മുത്തലാഖ് മൂലം വിവാഹ ബന്ധം വേർപെടുത്തുന്നത് ക്രിമിനൽ കുറ്റമായി സുപ്രീം കോടതി വിധി പുറപ്പെടുവിപ്പിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചാണ് അഡ്വ. കെ. സുകുമാരൻ മുഖേന കോടതിയെ സമീപിച്ചത്. മുസ്ലിം സ്ത്രീ സംരക്ഷണ മാര്യേജ് ആക്ട് പ്രകാരവും മുഹ്സിന്റെ നടപടി ശിക്ഷാർഹമായ കുറ്റമാണെന്ന് ഹർജിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നേരത്തെ കാങ്കോലിലെ ആരിഫ ഭർത്താവ് തന്നെ മുത്തലാഖ് ചൊല്ലി ബന്ധം വേർപെടുത്തിയെന്ന് കാണിച്ച് അഡ്വ. കെ. വിജയകുമാർ മുഖേന കോടതിയെ സമീപിച്ചിരുന്നു. അതിൽ ഭർത്താവിനും രണ്ടാംഭാര്യക്കും വീട്ടുകാർക്കുമെതിരെ കേസെടുക്കുകയും ചെയ്തിരുന്നു.

സുമനസുകളുടെ കാരുണ്യത്തിനും രക്ഷിക്കാനായില്ല, സോമൻ യാത്രയായി

ആലക്കോട്: ഇരുവൃക്കകളും തകരാറിലായി ഗുരുതരനിലയിൽ ചികിത്സയിലായിരുന്ന നിർമ്മാണ തൊഴിലാളി മരിച്ചു. ബാലപുരത്തെ മാഞ്ചിറയ്ക്കൽ സോമനാണ് (56) ഇന്ന് രാവിലെ പത്തരയോടെ മംഗലാപുരത്തെ ആശുപത്രിയിൽ മരിച്ചത്. നിർധന കുടുംബാംഗമായ സോമന്റെ ചികിത്സക്കായി പഞ്ചായത്ത് മെമ്പർമാരായ പി.ജെ. മാത്യു, സജി ഓതറ എന്നിവരുടെ നേതൃത്വത്തിൽ നാട്ടുകാർ ചേർന്ന് സഹായനിധി സമാഹരിച്ച് വരുന്നതിനിടെയാണ് സോമൻ മരണത്തിന് കീഴടങ്ങിയത്. വായാട്ടുപറമ്പ് വൈസ്മെൻസ് ക്ലബ് അംഗമായിരുന്നു. ഭാര്യ: ശകുന്തള (പെരുമ്പടവ്). മക്കൾ: അജിൻ, അഞ്ജു, അബിൻ. സഹോദരി: വിലാസിനി (ബാലപുരം). സംസ്കാരം നാളെ രാവിലെ പത്ത് മണിക്ക്.

വത്തിക്കാൻ ന്യൂസിലും ബിഷപ്പിനെതിരെ പ്രതിഷേധം

കണ്ണൂർ: 34 ലക്ഷം പേർ പിന്തുടരുന്ന വത്തിക്കാന്റെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജായ വത്തിക്കാൻ ന്യൂസിലും ബിഷപ്പ് ഫ്രാങ്കോക്കെതിരെ പ്രതിഷേധം. കേരളത്തിൽ ബിഷപ്പിനെതിരെ നടക്കുന്ന പ്രതിഷേധം അറിയില്ലെന്ന വത്തിക്കാൻ നിലപാടിനെതിരെയാണ് മലയാളികൾ 'ഡൗൺ ഫ്രാങ്കോ കാമ്പയിൻ' എന്ന പേരിൽ പ്രതിഷേധം സംഘടിപ്പിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളികൾ പേജിൽ ബിഷപ്പിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് പോസ്റ്റുകൾ ഇടുന്നുണ്ട്.

മൽസ്യബന്ധന ബോട്ട് മറിഞ്ഞ് കാണാതായ മധ്യവയസ്കന്റെ മൃതദേഹം കണ്ടെത്തി

പഴയങ്ങാടി: പാലക്കോട് വലിയ കടപ്പുറം അഴിമുഖത്തിന് സമീപം മൽസ്യബന്ധന ബോട്ട് മറിഞ്ഞ് കാണാതായ മധ്യവയസ്കന്റെ മൃതദേഹം കണ്ടെത്തി. കൊയിലാണ്ടി പുളിയഞ്ചേരിയിലെ കുനിയിൽ താഴെ ആലിക്കുട്ടിയുടെ മകൻ ബഷീറിന്റെ (52) മൃതദേഹമാണ് ഇന്ന് രാവിലെ 10.30ഓടെ പുതിയവളപ്പ് പരിസരത്ത് കരക്കടിഞ്ഞ നിലയിൽ കണ്ടെത്തിയത്. ഇന്നലെ വൈകീട്ടാണ് 30 അംഗ സംഘം സഞ്ചരിച്ച മൽസ്യബന്ധന ബോട്ട് മറിഞ്ഞത്. കൊയിലാണ്ടി കൊല്ലം അയ്യിട്ടവളപ്പിൽത്താഴെ സലാമത്ത് മൻസിൽ അബ്ദുള്ള(60) അപകടത്തിൽ ഇന്നലെ മരണമടഞ്ഞിരുന്നു. ബഷീറിനെ കാണാതാവുകയായിരുന്നു. ഇന്നലെ രാത്രി മുഴുവൻ തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

പൊതുസ്ഥലത്ത് മാലിന്യം തള്ളിയതിന് തടവും പിഴയും

കണ്ണൂർ: റെയിൽവേ ട്രാക്കിന് സമീപം മാലിന്യം തള്ളിയ കേസിൽ വയോധികന് തടവും പിഴയും. അഴീക്കോട് മൈലാടത്തടത്തെ കെ.പി. മുഹമ്മദലിയെയാണ് (65) ഒരു ദിവസം തടവിനും 6500 രൂപ പിഴ ഒടുക്കാനും കണ്ണൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് (രണ്ട്) ഇ. രഞ്ജിത്ത് ശിക്ഷിച്ചത്.

കഴിഞ്ഞ ജൂലൈ 27ന് രാവിലെ 11 മണിക്ക് ചിറക്കൽ റെയിൽവേ കട്ടിങ്ങിന് സമീപം അടുക്കള മാലിന്യം തള്ളിയ കേസിലാണ് ശിക്ഷ.

കഞ്ചാവുമായി യുവാക്കൾ പിടിയിൽ

കണ്ണൂർ: കഞ്ചാവ് സഹിതം 2 യുവാക്കളെ കണ്ണൂർ ടൗണിൽ വെച്ച് എക്സൈസ് സംഘം പിടികൂടി. തലശേരി കണ്ടംകുന്ന് സ്വദേശികളായ മമ്പള്ളി കാർട്ടേഴ്സിൽ മുനീർ(22), നവാസ് മൻസിലിൽ ഷുഹൈബ് (28) എന്നിവരെയാണ് കണ്ണൂർ റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടർ എം. ദിലീപും സംഘവും പിടികൂടിയത്. ഇവരുടെ പക്കൽ നിന്ന് 45 ഗ്രാം കഞ്ചാവ് പിടിച്ചെടുത്തു. പ്രിവന്റീവ് ഓഫീസർ പത്മരാജൻ, ശ്രീനിവാസൻ, സി.ഇ.ഒ ഉമേഷ് എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

സർവ്വകലാശാല വൈസ് ചാൻസിലറെ വഴിയിൽ തടഞ്ഞു; എ.ഐ.എസ്.എഫ് നേതാക്കൾ അറസ്റ്റിൽ

കണ്ണൂർ: സർവ്വകലാശാല പാലയാട് കാമ്പസിലെ യൂണിയൻ തിരഞ്ഞെടുപ്പ് ഇല്ലാതാക്കാൻ എസ്.എഫ്.ഐ സമ്മർദ്ധത്തിന് വൈസ് ചാൻസിലർ വഴങ്ങിയെന്നാരോപിച്ച് എ.ഐ.എസ്.എഫ് പ്രവർത്തകർ യൂണിവേഴ്സിറ്റി ക്യാമ്പസിൽ വെച്ച് വൈസ്ചാൻസിലറെ വഴിയിൽ തടഞ്ഞു. ഇന്ന് രാവിലെയാണ് വൈസ് ചാൻസിലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രനെ ഓഫീസിലേക്കുള്ള വഴിയിൽ കാറിൽ തടഞ്ഞുവെച്ചത്. പോലീസെത്തി ഉപരോധക്കാരെ നീക്കാൻ ശ്രമിച്ചത് നേരിയ സംഘർഷത്തിനിടയാക്കി. ജില്ലാ സെക്രട്ടറി എം. അഖേഷ് (25) ഉൾപ്പെടെ ആറുപേരെ അറസ്റ്റ് ചെയ്ത് നീക്കി. ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങളായ കെ.സി. ബുദ്ധദാസ് (25), എം. ഷിബിൽ (25), വിവേക് രവീന്ദ്രൻ (22), സി. ജഷന്ത് (17), കൃസ്റ്റോ സോജൻ (20) എന്നിവരാണ് അറസ്റ്റിലായ മറ്റുള്ളവർ.

സർവ്വകലാശാല പുറത്താക്കൽ നടപടിക്ക് വിധേയരാക്കിയ അഞ്ച് എസ്.എഫ്.ഐ നേതാക്കളിൽ രണ്ടുപേർ പാലയാട് കാമ്പസിലെ യൂണിയൻ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായിരുന്നു. പുറത്താക്കലോടെ ഇവർ മൽസരിക്കുന്നതിൽ അയോഗ്യരായി. ചെയർമാൻ, യു.യു.സി സ്ഥാനങ്ങളിൽ എസ്.എഫ്.ഐക്ക് മൽസരിക്കാൻ കഴിയാഞ്ഞതോടെ എതിർ സ്ഥാനാർത്ഥികളെ വിജയികളായി പ്രഖ്യാപിക്കേണ്ടതായിരുന്നു. എന്നാൽ എസ്.എഫ്.ഐയുടെ സമ്മർദ്ധത്തിന് വഴങ്ങി അവിടെ തിരഞ്ഞെടുപ്പേവേണ്ടെന്ന നിലപാടാണ് സർവ്വകലാശാല അധികൃതർ കൈക്കൊണ്ടതെന്ന് എ.ഐ.എസ്.എഫ് ആരോപിക്കുന്നു. വൈസ്ചാൻസിലർ ഇതിന് കൂട്ടുനിൽക്കുകയാണെന്ന് ആരോപിച്ചാണ് ഉപരോധം.

ചരമം

നാരായണിയമ്മ

തളിപ്പറമ്പ: തൃച്ചംബരത്തെ പി. നാരായണി അമ്മ (84) നിര്യാതയായി. ഭർത്താവ്: പരേതനായ പരിയാരം വീട്ടിൽ കുഞ്ഞിക്കണ്ണൻ നായർ (കൈലാസ് ഹോട്ടൽ). മക്കൾ: ചന്ദ്രൻ, രവീന്ദ്രൻ (ഇരുവരും അബുദാബി), ശ്യാമള (തൃച്ചംബരം), പ്രേമൻ (ചെന്നൈ), അനി (ഷാർജ), പരേതനായ മുരളീധരൻ. മരുമക്കൾ: സുജാത, പ്രീത, അശോകൻ, പ്രഷീബ, കല. സംസ്കാരം നാളെ തൃച്ചംബരം പട്ടപ്പാറ സമുദായ ശ്മശാനത്തിൽ.

യശോദ

ധർമ്മശാല: നിഫ്റ്റിന് സമീപത്തെ ഉപ്പാച്ചി യശോദ (86) നിര്യാതയായി. ഭർത്താവ്: പരേതനായ തറമ്മൽ കുട്ടിയപ്പ. മക്കൾ: ചന്ദ്രിക, കരുണാകരൻ, കൃഷ്ണൻ (ഓട്ടോ ഡ്രൈവർ, ധർമ്മശാല). മരുമക്കൾ: ഗോപാലൻ (കല്ല്യാശേരി), നളിനി (കണ്ണപുരം), ലത (ചുഴലി).

അന്നക്കുട്ടി

ആലക്കോട്: ചാണോക്കുണ്ടിലെ ആദ്യകാല കുടിയേറ്റ കർഷകൻ പരേതനായ പാറയ്ക്കത്തൊട്ടിയിൽ തോമസിന്റെ ഭാര്യ അന്നക്കുട്ടി(85)നിര്യാതയായി. കടപ്ലാമറ്റം കൊച്ചുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: സിസ്റ്റർ തോമസിൻ (പ്രസന്റേഷൻ കോൺവെന്റ്, കോഴിക്കോട്), സെലിൻ, ജോയി (നെല്ലിയടുക്കം, നീലേശ്വരം), സിസ്റ്റർ ലത (പ്രസന്റേഷൻ കോൺവെന്റ്, ആസാം), ബെന്നി, ഫാ. തോമസ് സി.എം.എഫ് (മുംബൈ), ഷിജു (കാനഡ). മരുമക്കൾ: തോമസ് ചിറയ്ക്കൽ (കരുണാപുരം), റെജി ചിറയ്ക്കൽ (കണ്ണാടിപ്പാറ), സോജി പാലത്തിങ്കൽ (നെല്ലിപ്പാറ), നിഷ പടിപുരയ്ക്കൽ, പൈസക്കരി(കാനഡ). സംസ്കാരം വെള്ളിയാഴ്ച വൈകുന്നേരം മൂന്ന് മണിക്ക് കരുണാപുരം സെന്റ് ജൂഡ്സ് പള്ളിയിൽ.

മീനാക്ഷിയമ്മ

ബക്കളം: കടമ്പേരിയിലെ പരേതനായ ചെല്ലട്ടൻ കുഞ്ഞിരാമൻ നമ്പ്യാരുടെ ഭാര്യ കരിയാട്ടു വീട്ടിൽ മീനാക്ഷിയമ്മ (70) നിര്യാതയായി. മക്കൾ: പുരുഷോത്തമൻ (ഗൾഫ്), ശിവദാസൻ (കടന്നപ്പള്ളി), ശാന്ത, ലത. മരുമക്കൾ: ശ്രീജ (പറപ്പൂൽ), സുധ, ഹരി (ഇരുവരും കടന്നപ്പള്ളി), പരേതനായ ലോഹിതാക്ഷൻ.

കുഞ്ഞിക്കണ്ണൻ

ബക്കളം: കടമ്പേരി അമ്പലത്തിന് സമീപത്തെ ടി.പി. കുഞ്ഞിക്കണ്ണൻ (68) നിര്യാതനായി. മരംവെട്ട് തൊഴിലാളിയായിരുന്നു. മക്കൾ: ബിജു, ബീന, റീന. മരുമക്കൾ: സനില (കടമ്പേരി), രാജീവൻ (മുള്ളൂൽ), പ്രകാശൻ (ചെറുകുന്ന്).

ഹംസഹാജി

പരിയാരം: ഇരിങ്ങലിലെ മയിനാർക്കരകത്ത് ഹംസഹാജി (72) നിര്യാതനായി. ഭാര്യ: പരേതയായ നഫീസ. മക്കൾ: സുബൈർ, ബഷീർ (ഇരുവരും അബുദാബി), അഷ്റഫ് (കുവൈത്ത്), ഷരീഫ, ഹഫ്സത്ത്.

മുസ്തഫ

തളിപ്പറമ്പ: സർസയ്യിദ് കോളേജ് മുൻ ജീവനക്കാരൻ ആസാദ് നഗറിലെ പി. മുസ്തഫ(64) നിര്യാതനായി. ഭാര്യ: ടി.കെ. ആമിന. മക്കൾ: ഖൗലത്ത് (സീതിസാഹിബ് സ്കൂൾ അധ്യാപിക), സുലൈഖ. മരുമക്കൾ: അബ്ദുൾ ലത്തീഫ്, പരേതനായ അഷ്റഫ്.

അബൂബക്കർ

തളിപ്പറമ്പ: തളിപ്പറമ്പ സ്വദേശിയും മാട്ടൂൽ തങ്ങളെ പള്ളിക്കടുത്ത് താമസക്കാരനുമായ കുട്ടുക്കൻ അബൂബക്കർ (56) നിര്യാതനായി. ഭാര്യ: പി.പി. റഷീദ. മക്കൾ: ഷംസീറ, ഖദീജ, മുഹമ്മദ്, സഫ, മർവ. മരുമക്കൾ: ഇസ്ഹാഖ് (മുട്ടം), ഷമീർ. സഹോദരി: പരേതയായ ബീഫാത്തിമ.

യുവാവിനെ തലക്കടിച്ച് പരിക്കേൽപ്പിച്ചതിന് കേസെടുത്തു

പയ്യാവൂർ: പൈസക്കരി പാടുവിലങ്ങിൽ യുവാവിനെ തലക്കടിച്ച് പരിക്കേൽപ്പിച്ചതിന് പോലീസ് കേസെടുത്തു. പാടുവിലങ്ങിലെ പണ്ണേരി രജീഷിനെ (28) അക്രമിച്ചതിന് പാടുവിലങ്ങ് സ്വദേശി പിച്ചി എന്ന ഈട്ടിക്കൽ പ്രദീപനെതിരെയാണ് കേസെടുത്തത്. രജീഷ് കണ്ണൂർ എ.കെ.ജി ആശുപത്രിയിൽ ചികിത്സയിലാണ്. റോഡരികിലെ കൊടിമരത്തിന് കീഴെ കഴിഞ്ഞ ദിവസം രാത്രി ഇരിക്കുമ്പോൾ ഇവിടെ ഇരിക്കാൻ പാടില്ലെന്ന് പറഞ്ഞ് അക്രമിച്ചുവെന്നാണ് പരാതി. ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് കേസ്.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന് : 2855
പവന് :22840

വവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

60 ലിറ്റർ വാഷ് പിടികൂടി

ആലക്കോട്: താറ്റിയാട് അംഗൻവാടിക്ക് സമീപത്തെ പറമ്പിൽ ഒളിപ്പിച്ച നിലയിൽ കാണപ്പെട്ട 60 ലിറ്റർ വാഷ് ആലക്കോട് എക്സൈസ് പ്രിവന്റീവ് ഓഫീസർ സുധീറും സംഘവും ഇന്നലെ വൈകുന്നേരം പിടിച്ചെടുത്ത് നശിപ്പിച്ചു.

മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മായം ചേരാത്ത വിവിധ മത്സ്യങ്ങളും, ആട്, കോഴി, താറാവ് എന്നിങ്ങനെ ഫാമുകളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മാംസാദികളും നാടനും അല്ലാത്തതുമായ ഫ്രഷ് പച്ചക്കറികളും ഒരു കുടക്കീഴിൽ ലഭിക്കുന്ന 'സിൻഷൈ സീ ഫുഡ്സ്'
നാളെ രാവിലെ 10.3ന് പ്രവർത്തനമാരംഭിക്കുന്ന സന്തോഷവാർത്ത അറിയിക്കുന്നതോടൊപ്പം നിങ്ങളേവരേയും ക്ഷണിക്കുന്നു.
SINSHY SEA FOODS
സിൻഷൈ
സീ ഫുഡ്
മത്സ്യം, ഇറച്ചികൾ, ഉണക്ക് മത്സ്യങ്ങൾ
മുട്ട, പച്ചക്കറികൾ
ടാക്സി സ്റ്റാന്റിന് പിറകുവശം,
കാനത്തമ്പലം റോഡ്, തളിപ്പറമ്പ്
ഫോൺ: 9846702600, 9744882269
മക്തബ്- 2203017

കരുവഞ്ചാലിൽ ഓണം മെഗാ ഡിസ്കൗണ്ട് തുടരുന്നു
ദി ബെസ്റ്റ് കലക്ഷൻസ്
കരുവഞ്ചാൽ, Ph: 0460 2245280
ചുരിദാറുകൾ റെഡിമെയ്ഡ് ഷർട്ടുകൾ പകുതി വിലയ്ക്ക്
159 രൂപക്ക് ചുരിദാർ സെറ്റ്
99 രൂപക്ക് ലെഗിൻസ്
159 രൂപക്ക് സാരികൾ
159 രൂപക്ക് ഡബിൾമുണ്ടുകൾ
110 രൂപക്ക് ബെഡ് ഷീറ്റുകൾ

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 274 RNI Reg.No.KER MAL/2007/22043